2026
APRIL
01
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## പാചകവാതക പ്രതിസന്ധി

# പൂഴ്ത്തിവെയ്പിനെതിരെ കർശന നടപടിയുമായി കേന്ദ്രം; 500 സിലിണ്ടറുകൾ കൂടി പിടിച്ചെടുത്തു

**ന്യൂഡൽഹി:** പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പാചകവാതകം പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടയുന്നതിന് വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പരിശോധനകൾ തുടരുന്നു. ഇന്നലെ മാത്രം 3,000-ത്തിലേറെ പരിശോധനകൾ നടത്തുകയും 500-ലധികം സിലിണ്ടറുകൾ പിടിച്ചെടുക്കുകയും ചെയ്തതായി അധികൃതർ അറിയിച്ചു. സുഗമമായ വിതരണം ഉറപ്പാക്കാനും ക്രമക്കേടുകൾ പരിശോധിക്കാനും പൊതുമേഖലാ എണ്ണക്കമ്പനികളിലെ ഉദ്യോഗസ്ഥർ രാജ്യത്തെ 1,200-ലേറെ പെട്രോൾ പമ്പുകളിലും എൽ.പി.ജി. ഏജൻസികളിലും ഇന്നലെ മിന്നൽ പരിശോധനകൾ നടത്തി. ചട്ടലംഘനം കണ്ടെത്തിയ എൽ.പി.ജി. വിതരണ ഏജൻസികൾക്ക് പൊതുമേഖലാ എണ്ണക്കമ്പനികൾ ഇതുവരെ 540-ലധികം കാരണം കാണിക്കൽ നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും അധികൃതർ അറിയിച്ചു. യുദ്ധസാഹചര്യത്തിലും ഗാർഹിക എൽ.പി.ജി., പി.എൻ.ജി. വിതരണത്തിനാണ് പരമപ്രധാന മുൻഗണന നൽകുന്നതെന്ന് കേന്ദ്രസർക്കാർ അറിയിച്ചു. ഒപ്പം ആശുപത്രികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉയർന്ന മുൻഗണന നൽകിവരുന്നു.



വിതരണ-ആവശ്യകത മേഖലകളിൽ നിരവധി പരിഷ്കാരങ്ങൾ ഇതിനകം സർക്കാർ നടപ്പാക്കിയിട്ടുണ്ട്. എണ്ണസംസ്കരണശാലകളിലെ ഉൽപാദനം വർധിപ്പിക്കുക, സിലിണ്ടർ ബുക്കിങ് ഇടവേള നഗരപ്രദേശങ്ങളിൽ 21-ൽ നിന്ന് 25 ദിവസമായും ഗ്രാമപ്രദേശങ്ങളിൽ 45 ദിവസമായും ഉയർത്തുക, മുൻഗണനാടിസ്ഥാനത്തിൽ വിതരണം ക്രമീകരിക്കുക തുടങ്ങിയവ ഇതിലുൾപ്പെടുന്നു. എൽ.പി.ജി ആവശ്യകത കുറയ്ക്കുന്നതിന് മണ്ണെണ്ണ, കൽക്കരി തുടങ്ങിയ ബദൽ ഇന്ധന മാർഗങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ചെറുകിട-ഇടത്തരം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി സംസ്ഥാനങ്ങൾക്ക് കൂടുതൽ കൽക്കരി അനുവദിക്കാൻ കോൾ ഇന്ത്യയോടും സിംഗരേണി കൊളിയറീസിനോടും കൽക്കരി മന്ത്രാലയം ഇതിനകം നിർദേശിച്ചിട്ടുണ്ട്.
ഗാർഹിക-വാണിജ്യ ഉപഭോക്താക്കൾക്ക് പുതിയ പി.എൻ.ജി. കണക്ഷനുകൾ നൽകാൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും കേന്ദ്രസർക്കാർ അറിയിച്ചു. പെട്രോൾ, ഡീസൽ, എൽ.പി.ജി എന്നിവയുടെ ലഭ്യത ഉറപ്പാക്കാൻ സർക്കാർ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്. അതിനാൽ പരിഭ്രാന്തരായി ഇന്ധനം വാങ്ങിക്കൂട്ടുന്നതും അനാവശ്യമായി എൽ.പി.ജി ബുക്ക് ചെയ്യുന്നതും ഒഴിവാക്കുക. അഭ്യൂഹങ്ങളിൽ ജാഗ്രത പാലിക്കുകയും കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗിക സ്രോതസ്സുകളെ മാത്രം ആശ്രയിക്കുകയും ചെയ്യുക.

ബുക്കിങ്ങിന് ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുക. എൽ.പി.ജി വിതരണ ഏജൻസികൾ നേരിട്ട് സന്ദർശിക്കുന്നത് ഒഴിവാക്കുക. പി.എൻ.ജി, ഇൻഡക്ഷൻ/ഇലക്ട്രിക് കുക്ക്ടോപ്പുകൾ തുടങ്ങിയ ബദൽ ഇന്ധന മാർഗങ്ങൾ ഉപയോഗിക്കാൻ ജനങ്ങൾ തയ്യാറാകണമെന്നും കേന്ദ്രസർക്കാർ അറിയിച്ചു. നിലവിലെ സാഹചര്യം കണക്കിലെടുത്ത് ദൈനംദിന ജീവിതത്തിൽ ഊർജ ഉപഭോഗം കുറയ്ക്കാനും ഊർജ സംരക്ഷണത്തിനും എല്ലാവരും ആവശ്യമായ ശ്രമങ്ങൾ നടത്തണമെന്നും കേന്ദ്രസർക്കാർ പറഞ്ഞു.

## സ്വർണ വില വർധന;

# പണയ വായ്പയിൽ കുതിച്ചു ചാട്ടമെന്ന് റിപ്പോർട്ട്



**കൊച്ചി:** രാജ്യത്തെ ഉൽസവ കാലത്തിനു തുടർച്ചയായി ചെറുകിട വായ്പകളുടെ കാര്യത്തിൽ ആരോഗ്യകരമായ വളർച്ച ഉണ്ടായതായി ട്രാൻസ് യൂണിയൻ സിബിലിന്റെ വായ്പാ വിപണി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. സ്വർണ വില ഉയർന്നത് സ്വർണ പണയ വായ്പകളുടെ കാര്യത്തിൽ ഗണ്യമായ വളർച്ചയ്ക്കാണ് വഴി തുറന്നത്. ആദ്യമായി വായ്പകൾ എടുക്കുന്ന യുവാക്കളുടെ തോതിലും വർധനവുണ്ട്. കൺസ്യൂമർ ഡ്യൂറബിൾ, പേഴ്സണൽ വായ്പകൾ തുടങ്ങിയവയാണ് ഈ വിഭാഗത്തിലുള്ളവർ കൂടുതലായി പ്രയോജനപ്പെടുത്തുന്നത്. ചരക്കു സേവന നികുതി പരിഷ്ക്കരണം അടക്കമുള്ളവ ചെറുകിട വായ്പകൾ ഉയരുന്നതിന് ഇടയാക്കിയിട്ടുണ്ടെന്നും ട്രാൻസ് യൂണിയൻ സിബിലിന്റെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കൺസ്യൂമർ ക്രെഡിറ്റ് മാർക്കറ്റ് സൂചിക 2024 ഡിസംബർ 31-ന് അവസാനിച്ച ത്രൈമാസത്തിലെ 97 പോയിന്റിൽ നിന്ന് 2025 ഡിസംബറിൽ അവസാനിച്ച ത്രൈമാസത്തിൽ 102 പോയിന്റാണ് ഉയർന്നത്. വായ്പാ വിപണിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റമാണ് ഇതിലൂടെ ദൃശ്യമാകുന്നതെന്ന് ട്രാൻസ് യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഭാവേഷ് ജെയിൻ പറഞ്ഞു. വായ്പകളുടെ കാര്യത്തിൽ മൊത്തത്തിൽ ഉണ്ടായ വർധനവ് ഇന്ത്യൻ വായ്പാ വിപണിയുടെ ശക്തിയും പക്വതയുമാണ് വ്യക്തമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഉപഭോഗത്തിന്റെ കാര്യത്തിലുണ്ടായ വർധനവിന്റെ ഫലമായി ആദ്യമായി വായ്പ എടുക്കുന്നവരുടെ കാര്യത്തിൽ ഏഴു ശതമാനം വർധനവാണ് ഉണ്ടായിട്ടുള്ളത്. ആഗോള തലത്തിൽ സ്വർണ വില ഉയർന്നതിനെ തുടർന്ന് സ്വർണ വായ്പകൾ ഗണ്യമായി ഉയർന്നതും റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന മറ്റൊരു സവിശേഷതയാണ്.

# വോട്ട് ചെയ്യാൻ ഊബറിൽ പോകാം, സൗജന്യമായി

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഏപ്രിൽ 9-ന് സമ്മതിദായകർക്ക് പോളിങ് ബൂത്തുകളിലെത്താൻ സൗജന്യ യാത്രയൊരുക്കി ഊബർ ഇന്ത്യ. ഊബർ ആപ്പിലെ കാർ, ഓട്ടോ, ബൈക്ക് എന്നീ വിഭാഗങ്ങളിൽ ഈ സൗജന്യ സേവനം ലഭ്യമാകും. വോട്ടർമാരെ പിക്ക് ചെയ്യുന്ന സ്ഥലത്തുനിന്നും രണ്ട് കിലോമീറ്റർ വരെയുള്ള യാത്രകൾ പൂർണ്ണമായും സൗജന്യമായിരിക്കും. രണ്ട് കിലോമീറ്ററിന് ശേഷമുള്ള യാത്രക്ക് ഊബർ നിശ്ചയിച്ചിട്ടുള്ള തുക നൽകണം.
എല്ലാ പോളിങ് ബൂത്തുകളുടെയും ലൊക്കേഷനുകൾ ആപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. മുതിർന്ന പൗരന്മാർക്കും ശാരീരിക ബുദ്ധിമുട്ടുള്ളവർക്കും ഉൾപ്പെടെ എല്ലാ വോട്ടർമാർക്കും ഈ സേവനം പ്രയോജനപ്പെടുത്താം.

സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയവുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ വോട്ടർമാർക്കാണ് ഈ ആനുകൂല്യം ലഭിക്കുക. യാത്രാ സൗകര്യങ്ങളുടെ അഭാവം മൂലം വോട്ടിങ് ശതമാനം കുറയാതിരിക്കാനും എല്ലാവർക്കും സമ്മതിദാനാവകാശം വിനിയോഗിക്കാൻ അവസരമൊരുക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. കേൽക്കർ അറിയിച്ചു. ഇതിനു പുറമെ ആപ്പ് നോട്ടിഫിക്കേഷനുകളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും വോട്ടർ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുമെന്നും അധികൃതർ വ്യക്തമാക്കി.

## ഇന്നത്തെ പരിപാടി

### കൊച്ചി

- **കടവന്ത്ര ജി.സി.ഡി എകോംപ്ലക്സിലെ ക്ലിന്റ് ആർട്ട് ഗ്യാലറി** വനിതകളുടെ ചിത്രപ്രദർശനം രാവിലെ 10ന്.

- **സ്വാമി ശാശ്വതികാനന്ദ കോളേജ് :** മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വാമി ശാശ്വതികാനന്ദ കോളേജ്, പൂത്തോട്ടയിൽ ഓൾ ഇന്ത്യ ചാമ്പ്യൻഷിപ്പിന്റെ സമാപന സമ്മേളനത്തിൽ അർജുന അവാർഡ് ജേതാവ് ടോം ജോസ് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം 4.30ന്.

- **കാരണക്കോടം സിദ്ധിവിനായക ക്ഷേത്രം :** പ്രതിഷ്ഠാദിന ഉത്സവം രാവിലെ 11 ന്.

- **ഗാന്ധിഭവൻ കച്ചേരിപ്പടി :** മൂഴിക്കുളം ശാല - ഗാന്ധി പീസ് ഫൗണ്ടേഷൻ നടത്തുന്ന സർവോദയ മേളയുടെ ഭാഗമായി പൊതുചർച്ച - 'കാട് മുതൽ കടൽ വരെ' -കേരളത്തിന്റെ ഗ്രീൻ മാനിഫെസ്റ്റോ 4 ന്

### മൂവാറ്റുപുഴ

- **നിർമല കോളേജ് ഗ്രൗണ്ട് :** 2026-27 വർഷത്തെ ഫുട്ബോൾ ടീമിൽ പ്രവേശനത്തിനുള്ള തെരഞ്ഞെടുപ്പ് രാവിലെ 8ന് നടക്കും.

### ഉദയംപേരൂർ

- **പത്താംമൈൽ മംഗലത്ത് ആഞ്ഞനേയ ഭഗവതി ക്ഷേത്രം :** ഹനുമൽ ജയന്തി രാവിലെ 5ന്.

# വോട്ടർമാർക്ക് കൈത്താങ്ങായി ഇസിഐ നെറ്റ് ആപ്പ്

### ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നോ ആപ്പിൾ ആപ്പ് സ്റ്റോറിൽ നിന്നോ ഡൗൺലോഡ് ചെയ്യാം

**കൊച്ചി:** ഏപ്രിൽ 9-ന് നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും ആവശ്യമായ പ്രത്യേക സഹായങ്ങൾ ഉറപ്പാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ട് ചെയ്യാൻ പോകുമ്പോൾ വീൽചെയർ, പോളിങ് സ്റ്റേഷനിലേക്കുള്ള വാഹന സൗകര്യം തുടങ്ങിയവ ആവശ്യമുള്ളവർക്ക് ഇനി ഇസിഐ നെറ്റ് (ECINET) ആപ്പ് വഴി അപേക്ഷിക്കാം.

ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നോ ആപ്പിൾ ആപ്പ് സ്റ്റോറിൽ നിന്നോ ഇസിഐ നെറ്റ് ആപ്പ് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്തതിനു ശേഷം രജിസ്റ്റർ ചെയ്യുക. ലോഗിൻ ചെയ്ത ശേഷം ദിവ്യാംഗ് അഥവാ സക്ഷം എന്ന വിഭാഗത്തിൽ ക്ലിക്ക് ചെയ്ത്, വോട്ടർ ഐ.ഡി നൽകി ആവശ്യമുള്ള സേവനം ആവശ്യപ്പെടുക. ആപ്പിൽ നിന്നുള്ള സേവന നിർദേശങ്ങൾ അതത് നിയോജമണ്ഡലങ്ങളിലെ റിട്ടേണിങ് ഓഫീസർമാർക്ക് നൽകും. അവർ അവ പരിഗണിച്ച് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തും.




# സ്വർണ്ണവും വെള്ളിയും നേടി സുനിത ജോയ്




**കൊച്ചി:** മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടന്ന, ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ സംസ്ഥാന കായിക മേളയിൽ സുനിത ജോയി സ്വർണ്ണവും വെള്ളിയും കരസ്ഥമാക്കി.

3000 മീറ്റർ റേസ് വാക്ക്, 1500 മീറ്റർ റേസ്, 4 x 100 മീറ്റർ റിലേ എന്നിവയിൽ സ്വർണ്ണവും, വോളിബോളിൽ സിൽവറുമാണ് സുനിത കരസ്ഥമാക്കിയത്. ഹോം ന്യൂസ് പോർട്ടലിന്റെ എഡിറ്ററായി ജോലി ചെയ്യുന്ന, പനംപിള്ളി നഗർ ശ്രീനിലയത്തിൽ (ഷാരോൺ ഭവൻ) സുനിത ജോയ് മഹാരാജാസ് കോളജ് സെന്ററിലെ രണ്ടാം വർഷ സൈക്കോളജി വിദ്യാർത്ഥിയാണ്.

# കടുത്ത വേനൽ ചൂട്: തിരഞ്ഞെടുപ്പ് പ്രചാരകർക്കും ഉദ്യോഗസ്ഥർക്കും ജാഗ്രതാ നിർദേശവുമായി ആരോഗ്യ വകുപ്പ്

**ആലപ്പുഴ:** തിരഞ്ഞെടുപ്പ് പ്രചാരകർക്കും ഉദ്യോഗസ്ഥർക്കും വേനൽക്കാല ജാഗ്രതാനിർദേശവുമായി ആരോഗ്യ വകുപ്പ്. കടുത്ത വേനൽ ആയതിനാൽ നിർജലീകരണ സാധ്യത കൂടുതലാണ്. ദാഹം ഇല്ലെങ്കിൽ കൂടി ഇടയ്ക്കിടെ തിളപ്പിച്ചാറിയ വെള്ളം കുടിക്കുക.

കരിക്കിൻ വെള്ളം, സംഭാരം, നാരങ്ങാ വെള്ളം, ഒ.ആർ.എസ് തുടങ്ങിയ പാനീയങ്ങൾ ഉപയോഗിക്കുക. പാനീയങ്ങൾ തയ്യാറാക്കുമ്പോൾ ശുദ്ധജലമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കുക. ചായ, കാപ്പി, കാർബണേറ്റഡ് ലഘു പാനീയങ്ങൾ, കൃത്രിമ പാനീയങ്ങൾ, മദ്യം എന്നിവ ഒഴിവാക്കുക. ഐസിന്റെ ശുദ്ധത, ഗുണനിലവാരം എന്നിവയെക്കുറിച്ച് ഉറപ്പില്ലെങ്കിൽ പാനീയങ്ങളിൽ ഐസ് ചേർക്കുന്നത് ഒഴിവാക്കുക. കഴിയുന്നതും ഇളം നിറത്തിലുള്ള അയഞ്ഞ കോട്ടൻ വസ്ത്രങ്ങൾ ധരിക്കാൻ ശ്രദ്ധിക്കുക. പകൽ 11 മുതൽ 3 മണി വരെ താപനില ഉയർന്നുനിൽക്കുന്നതിനാൽ നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. പുറത്തിറങ്ങുമ്പോൾ കുട /തൊപ്പി, പാദരക്ഷ എന്നിവ ധരിക്കുക. തലകറക്കം, കഠിനമായ ക്ഷീണം, പേശിവലിവ്, ശക്തി കുറഞ്ഞതും വേഗതയേറിയതുമായ നാഡിമിടിപ്പ് തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടായാൽ തണലിലേക്ക് മാറുവാനും ശരീരം തണുപ്പിക്കാനും തിളപ്പിച്ചാറിയ വെള്ളം ധാരാളം കുടിക്കുവാനും ശ്രദ്ധിക്കുക. അസ്വാസ്ഥ്യങ്ങൾ തുടരുന്നുവെങ്കിൽ വൈദ്യ സഹായം തേടുക. 11 മണിക്കും 3 മണിക്കും ഇടയിലുള്ള പൊതുസമ്മേളനങ്ങൾ ഒഴിവാക്കുക, പൊതുസമ്മേളനങ്ങളുമായി ബന്ധപ്പെട്ട് തണലിടങ്ങളും കുടിക്കാനായി ശുദ്ധജലവും ഉറപ്പാക്കുക. പഴവർഗങ്ങൾ ശുദ്ധ ജലത്തിൽ നന്നായി കഴുകിയശേഷം ഉപയോഗിക്കുക. തണ്ണിമത്തൻ പോലെ തോടുള്ള പഴങ്ങൾ കഴുകി വൃത്തിയാക്കിയ ശേഷം മാത്രം മുറിച്ചുപയോഗിക്കുക. പ്രായമുള്ളവർ, രക്താതിമർദ്ദം പ്രമേഹം, ഹൃദ്രോഗം തുടങ്ങി രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്നവർ , ഗർഭിണികൾ തുടങ്ങിയവർ പ്രത്യേകം ശ്രദ്ധിക്കുക.

### തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലെ ഉദ്യോഗസ്ഥർക്കുള്ള അധിക നിർദേശങ്ങൾ

സ്ഥിരമായി കഴിച്ചു കൊണ്ടിരിക്കുന്ന മരുന്നുകൾ മുടങ്ങരുത് . കൃത്യസമയത്ത് ആഹാരം കഴിക്കുക. നിർജലീകരണം ഒഴിവാക്കാൻ തിളപ്പിച്ചാറിയ വെള്ളം ഇടയ്ക്കിടെ കുടിക്കുക. രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്നവർ ചികിത്സാ വിവരങ്ങൾ , കഴിക്കുന്ന മരുന്നുകളുടെ വിവരങ്ങൾ, ഇൻസുലിൻ ഡോസ് എന്നിവ എഴുതിയത് കയ്യിൽ കരുതേണ്ടതാണ്. കുഴഞ്ഞുവീഴൽ പോലെയുള്ള ആരോഗ്യ അടിയന്തര ഘട്ടങ്ങളിൽ പരിശീലനം ശാസ്ത്രീയമായി ലഭിച്ചവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. സമയനഷ്ടം വരുത്താതെ 108 ആംബുലൻസ് വിളിച്ച് വൈദ്യസഹായം ഉറപ്പാക്കുക.പോളിംഗ് ഡ്യൂട്ടിയിൽ ഏർപ്പെട്ടിട്ടുള്ള രോഗസാധ്യത കൂടുതൽ ഉള്ളവർ ചെറിയ ശാരീരിക അസ്വാസ്ഥ്യങ്ങൾ പോലും അവഗണിക്കരുത്. പെട്ടെന്ന് കിടക്കാൻ ശ്രമിക്കുക .108 ആംബുലൻസ് വിളിച്ച് അടുത്തുള്ള ആരോഗ്യ സ്ഥാപനത്തിൽ ചികിത്സ തേടുക. മാനസിക സമ്മർദ്ദം ഒഴിവാക്കാൻ ശ്രദ്ധിക്കുക

അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടേ വ്യക്തിയുടെ ഫോൺ നമ്പർ മറ്റുള്ളവർക്ക് എളുപ്പത്തിൽ ലഭിക്കുന്ന വിധം പോക്കറ്റ്/പേഴ്സിൽ കരുതുക. പാമ്പുകടി, പട്ടി കടി പോലെ ജന്തുക്കളിൽ നിന്ന് ഉണ്ടാകാവുന്ന അപകടങ്ങൾ സമചിത്തതയോടെ കൈകാര്യം ചെയ്യുക. പാമ്പുകടിയേറ്റ വ്യക്തിയെ ഭീതിപ്പെടുത്താതെ പരമാവധി ശരീര ചലനം ഉണ്ടാകാത്ത വിധം എത്രയും പെട്ടെന്ന് 108 ആംബുലൻസ് വിളിച്ച് വൈദ്യസഹായം ഉറപ്പാക്കുക. പോളിംഗ് സാമഗ്രികളുടെ വിതരണ സ്വീകരണ കേന്ദ്രങ്ങളിൽ മെഡിക്കൽ ടീമിന്റെ സേവനം ഉണ്ടായിരിക്കുന്നതാണ്. പോളിംഗ് ദിനങ്ങളിൽ 108 ആംബുലൻസ് സേവനം ലഭ്യമാണ്.

# മഞ്ഞുമ്മലിൽ 100 കണക്കിന് ഇരുചക്ര വാഹനങ്ങളുടെ അകമ്പടിയോടെ രാജീവ്

**കൊച്ചി:** അക്ഷരാർത്ഥത്തിൽ മഞ്ഞുമ്മലിന്റെ മുക്കും മൂലയും ഇളക്കി മറിച്ചാണ് പി. രാജീവിന്റെ ഉച്ചയ്ക്ക് ശേഷമുള്ള വെസ്റ്റ് കളമശ്ശേരിയിലെ പ്രചരണം നടന്നത്.

പുരോഗമന കലാസാഹിത്യ സംഘം വട്ടേക്കുന്നം തെരഞ്ഞെടുപ്പ് ലോക്കൽ കമ്മറ്റി അവതരിപ്പിക്കുന്ന കലാജാഥയോടെയാണ് ഉച്ചയ്ക്ക് ശേഷമുള്ള കളമശ്ശേരി വെസ്റ്റ് മേഖലയിലെ പര്യടനം ആരംഭിച്ചത്. തെരുവുനാടകം, ചാക്യാർകൂത്ത്, നാടകം, പാട്ട് എന്നിവ കലാജാഥയിൽ അണിനിരന്നു.

വർക്ക്ഷോപ്പ് സ്റ്റോപ്പിൽ സ്വാമി സന്ദീപാനന്ദഗിരി സ്ഥാനാർത്ഥിയെ പൊന്നാടയണിയിച്ച് സ്വീകരിച്ചു. പ്രശസ്ത കാർട്ടൂണിസ്റ്റ് ഇ പി ഉണ്ണി ലൈവ് ആയി സ്ഥാനാർത്ഥിയുടെ കാരിക്കേച്ചർ വരയ്ക്കുന്നത് എല്ലാവർക്കും കൗതുകമായി. പതിവുപോലെ പൊന്നാടകളും പൂക്കളും കണിക്കൊന്നുകളും കാർഷിക വിഭവങ്ങളുമായാണ് ഇവിടെയും നാട്ടുകാർ തങ്ങളുടെ പ്രിയങ്കരനായ സ്ഥാനാർത്ഥിയെ സ്വീകരിച്ചത്.

അന്ന പ്രോപ്പർട്ടി ജംഗ്ഷനിൽ എത്തിയപ്പോൾ ഫ്രൂട്ട് സലാഡ് നൽകി സ്വീകരിച്ചു. അവിടെ നിന്ന് ചാത്തൻ കാലയിലേക്കുള്ള ജാഥ നൂറു കണക്കിന് ഇരുചക്ര വാഹനങ്ങളുടെ അകമ്പടിയോടെ ആയിരുന്നു. ചാത്തൻകാല പിന്നിട്ട് മഞ്ഞുമ്മൽ ഫെറിയിലെത്തി സ്ഥാനാർത്ഥി അയ്യങ്കാളി പ്രതിമയിൽ മാല ചാർത്തിയ ശേഷം മഞ്ഞുമ്മൽ നോർത്തിലേക്ക് തിരിച്ചു.

ഫാക്ട് കവലയിൽ ഹരിത കർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ ആവേശകരമായ സ്വീകരണമാണ് നൽകിയത്.

അടുത്ത സ്വീകരണ കേന്ദ്രമായ ലക്ഷം വീട്ടിലേക്കുള്ള യാത്രയിൽ ഏലൂർ മുൻസിപ്പൽ കൗൺസിലർ ലൈജി സജീവും തുറന്ന വാഹനത്തിൽ കയറി. ലക്ഷം വീട്, പച്ചമുക്ക് എന്നീ കേന്ദ്രങ്ങളിൽ നിന്നും സ്വീകരണങ്ങൾ ഏറ്റുവാങ്ങി പര്യടനം കുഴിക്കം എസ്.സി നഗറിലെത്തി.




# തൃക്കാക്കരയിൽ അഖിൽ മാരാറുടെ പര്യടനം പുരോഗമിക്കുന്നു




**തൃക്കാക്കര:** തൃക്കാക്കര നിയോജക മണ്ഡലം ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി അഖിൽ മാരാരുടെ സ്ഥാനാർഥി പര്യടനം പുരോഗമിക്കുന്നു. ഇന്നലെ പാലാരിവട്ടം, ചെമ്പ്മുക്ക് കേന്ദ്രീകരിച്ചായിരുന്നു ഇന്നലെ പര്യടനം നടന്നത്.

സി.എസ്. ഐ കൊച്ചി രൂപതാ ബിഷപ്പ് കുര്യൻ പീറ്ററിനെ ആലുവയിലെത്തി സന്ദർശിച്ച് അനുഗ്രഹം തേടി. എല്ലാ വിധ വിജയാശംസകളും നേർന്നാണ് അഖിൽ മാരാറിനെ ബിഷപ്പ് യാത്രയാക്കിയത്. വൈകിട്ട് ചെമ്പ്മുക്കിലെ ഫ്ളാറ്റ് അസോസിയേഷന്റെ നേതൃ യോഗത്തിലും പങ്കെടുത്ത് സ്ഥാനാർഥി വോട്ട് അഭ്യർത്ഥിച്ചു.

←

*തൃക്കാക്കര നിയോജകമണ്ഡലം എൻഡിഎ സ്ഥാനാർത്ഥി അഖിൽ മാരാർ ഇന്നലെ സി.എസ്. ഐ കൊച്ചി രൂപതാ ബിഷപ്പ് കുര്യൻ പീറ്ററിനെ സന്ദർശിച്ച് അനുഗ്രഹം തേടിയപ്പോൾ.*

# ഡിജിറ്റൽ എക്സ്റേ യൂണിറ്റ് ഉദ്ഘാടനം ഇന്ന്

**കൊച്ചി:** ശ്രീ സുധീന്ദ്ര ആശുപത്രിയിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റിന്റെയും, നവീകരിച്ച അത്യാഹിത വിഭാഗത്തിന്റെയും ഉദ്ഘാടനം ഇന്ന് രാവിലെ 10-ന് ബി.പി.സി.എൽ ജനറൽ മാനേജർ ജോർജ് തോമസ് നിർവ്വഹിക്കും.

ചടങ്ങിൽ ആശുപത്രി ബോർഡ് പ്രസിഡന്റ് രത്നാകര ഷേണായി, ജനറൽ സെക്രട്ടറി മനോഹർ പ്രഭു, മെഡിക്കൽ ഡയറക്ടർ എം.ഐ.ജുനൈദ് റഹ്മാൻ, ഡോ.ടി.എൽ.പി പ്രഭു, ഡോ.കെ.എ.ചാക്കോ, ഡോ. സച്ചിൻ സുരേഷ് തുടങ്ങിയവർ പങ്കെടുക്കും.

ബി.പി.സി.എല്ലിന്റെ സാമൂഹ്യ സുരക്ഷാ നിധി ഉപയോഗിച്ചാണ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതെന്ന് അധികൃതർ അറിയിച്ചു.

# വെണ്ണലയിൽ ആവേശമായി ഉമ തോമസിന്റെ പര്യടനം

**കൊച്ചി:** കനത്ത വേനൽചൂടിനെയും വകവെക്കാതെ തൃക്കാക്കരയുടെ ജനമനസ്സുകൾ തേടിയുള്ള യു.ഡി.എഫ് സ്ഥാനാർത്ഥി ഉമ തോമസിന്റെ പര്യടനം ആവേശകരമായി തുടരുന്നു. ഇന്ന് വെണ്ണല മണ്ഡലം കേന്ദ്രീകരിച്ചായിരുന്നു സ്ഥാനാർത്ഥിയുടെ വാഹനം പര്യടനം. രാവിലെ എട്ടരയ്ക്ക് ഒബ്രോൺ മാൾ പരിസരത്ത് നിന്ന് ആരംഭിച്ച പര്യടനം കെ.പി.സി.സി ജനറൽ സെക്രട്ടറി ദീപ്തി മേരി വർഗീസ് ഉദ്ഘാടനം ചെയ്തു.

പൊള്ളുന്ന വെയിലിനെ അവഗണിച്ച് പ്രിയപ്പെട്ട സ്ഥാനാർത്ഥിയെ ഒരുനോക്ക് കാണാനും അഭിവാദ്യം ചെയ്യാനും ഓരോ സ്വീകരണ കേന്ദ്രങ്ങളിലും മുതിർന്നവരും സ്ത്രീകളും കൊച്ചു കുട്ടികളും അടക്കം ജനങ്ങളുടെ വലിയ നിരയാണ് ദൃശ്യമായത്.

ഉച്ചസമയത്തെ കടുത്ത ചൂട് പരിഗണിച്ച് രണ്ട് മണിക്കൂർ വിശ്രമത്തിന് ശേഷം വൈകുന്നേരം നാല് മണിയോടെ വെണ്ണല സ്കൂളിന് സമീപത്ത് നിന്ന് പുനരാരംഭിച്ച പര്യടനം രാത്രിയും തുടർന്നു. നാളത്തെ പൂണിത്തുറ മണ്ഡലത്തിലെ പര്യടനത്തോടെ വാഹന പര്യടനം പൂർത്തിയാകും.




സൊസൈറ്റി ടുഡേ
SOCIETY TODAY

# ഐസിഐസിഐ പ്രു ജിപിപി ഫ്ളെക്സി അവതരിപ്പിച്ചു

**തൃശൂർ/കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്, ഐസിഐസിഐ പ്രു ഗ്യാരീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി അവതരിപ്പിച്ചു. ഉപഭോക്താക്കളെ വിരമിക്കൽ ജീവിതം ഫലപ്രദമായി ആസൂത്രണം ചെയ്യാൻ ഇത് സഹായിക്കുമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ചീഫ് പ്രൊഡക്റ്റ് ഓഫീസർ വികാസ് ഗുപ്ത പറഞ്ഞു. ആവശ്യമായ സമ്പാദ്യം സ്വരൂപിക്കുന്നതിനായി വ്യവസ്ഥാപിതമായ രീതിയിൽ വിഹിതം അടയ്ക്കാനും, തുടർന്ന് ജീവിതകാലം മുഴുവൻ ഉറപ്പായ സ്ഥിരവരുമാനം നേടാനും ഈ ഉൽപ്പന്നം വ്യക്തികളെ സഹായിക്കും. കൃത്യമായ വരുമാനം നൽകുന്ന പലിശ നിരക്ക് ഉൽപ്പന്നം വാങ്ങുന്ന സമയത്ത് തന്നെ നിശ്ചയിക്കാനാവുമെന്ന സവിശേഷതയുമുണ്ട്. പലിശ നിരക്കിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ഉപഭോക്താക്കളുടെ ഉറപ്പായ വരുമാനത്തിൽ വ്യതിയാനങ്ങൾ സംഭവിക്കില്ലെന്നാണ് ഇതിന്റെ ഗുണം. വേവർ ഓഫ് പ്രീമിയം സൗകര്യത്തോടുകൂടിയ ജോയിന്റ് ലൈഫ് ഓപ്ഷനും പദ്ധതി നൽകുന്നു. ഇത് പോളിസി ഉടമ മരണപ്പെട്ടാൽ ഭാവിയിലെ എല്ലാ പ്രീമിയങ്ങളും കമ്പനി അടയ്ക്കും. രണ്ടാമത്തെ വ്യക്തിക്ക് ഉറപ്പായ സ്ഥിരവരുമാനം നൽകുകയും ചെയ്യും.

വർധിച്ചുവരുന്ന വരുമാനം, ടോപ്പ്-അപ്പുകൾ, ലോണുകളിലൂടെയുള്ള ലിക്വിഡിറ്റി തുടങ്ങിയ മറ്റ് ഓപ്ഷനുകളുമുണ്ട്. വിരമിക്കൽ ആസൂത്രണം എന്നത് ഒരു പ്രധാന ആവശ്യത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്നും, ജീവിതകാലം മുഴുവൻ ഉറപ്പായ വരുമാനം. ലളിതവും അയവുള്ളതുമായ ഘടനയിലൂടെ ഈ നിശ്ചിതത്വം നൽകാനാണ് ഐസിഐസിഐ പ്രുഡൻഷ്യൽ ഗ്യാരീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി രൂപകൽപന ചെയ്തിരിക്കുന്നതെന്നും വികാസ് ഗുപ്ത പറഞ്ഞു.

# ആഗോള ഉപയോക്താക്കൾ 50 കോടിയെത്തി ട്രൂകോളർ




**കൊച്ചി :** ട്രൂകോളർ ആഗോളമായി 50 കോടി ഉപയോക്താക്കളെ പിന്നിട്ടതായി അറിയിച്ചു. സുരക്ഷിതമായ ആശയവിനിമയം ഉറപ്പാക്കാനുള്ള ദൗത്യത്തിലെ ഒരു പ്രധാന നേട്ടമാണിത്. 2025ൽ മാത്രം 5 കോടി പുതിയ ഉപയോക്താക്കളെ ചേർത്തപ്പോൾ, ഇന്ത്യയിൽ മാത്രം 35 കോടിയിലധികം ആളുകൾ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നു.

സ്പാം, തട്ടിപ്പ് കോളുകൾ എന്നിവയിൽ നിന്നുള്ള സംരക്ഷണത്തിനുള്ള ആവശ്യകതയാണ് വളർച്ചയ്ക്ക് പിന്നിലെ പ്രധാന കാരണം. 40 ലക്ഷത്തിലധികം പെയ്ഡ് സബ്സ്ക്രൈബർമാരും കമ്പനി സ്വന്തമാക്കി. സിഇഒ ഋഷിത് ജുൻജുൻവാല ഉപയോക്തൃസുരക്ഷ വർധിപ്പിക്കുന്നതിനുള്ള സാങ്കേതിക നവീകരണങ്ങൾ തുടരുമെന്നും 100 കോടി ഉപയോക്താക്കളെന്ന ലക്ഷ്യത്തിലേക്കാണ് ഇനി നീക്കമെന്നും അറിയിച്ചു.

# ഇലക്ട്രിക് സ്കൂട്ടർ നിർമാതാക്കളായ 'റിവർ' ആലുവയിൽ പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** ഇഞ്ചിയോൺ മൊബിലിറ്റിമായി സഹകരിച്ച് ഇലക്ട്രിക് സ്കൂട്ടർ നിർമാതാക്കളായ റിവർ കേരളത്തിലെ തങ്ങളുടെ ഏറ്റവും പുതിയ സ്റ്റോർ ആലുവയിൽ ആരംഭിച്ചു. ആലുവ പുളിഞ്ചോട് ഷോറൂമിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ നിപ്പോൺ ഗ്രൂപ്പ് ചെയർമാൻ എം.എ.എം. ബാബു മൂപ്പൻ, റിവർ ചീഫ് പ്രോഡക്റ്റ് ഓഫീസറും സഹസ്ഥാപകനുമായ വിപിൻ ജോർജ്, ഇഞ്ചിയോൺ മൊബിലിറ്റി മാനേജിംഗ് ഡയറക്ടർ നയീം ഷാഹുൽ എന്നിവർ പങ്കെടുത്തു. ഇൻഡി, ആക്സസറികൾ, മറ്റ് മെർക്കന്റൈസുകൾ എന്നിവ ഉൾപ്പെടെയുള്ളവയെല്ലാം ഉപഭോക്താക്കൾക്ക് റിവർ സ്റ്റോറിൽ നിന്നും നേരിട്ട് സ്വന്തമാക്കാം.




*ഇഞ്ചിയോൺ മൊബിലിറ്റിയുമായി സഹകരിച്ച് റിവർ ആലുവയിൽ പ്രവർത്തനമാരംഭിച്ച ഏറ്റവും പുതിയ സ്റ്റോർ ഇഞ്ചിയോൺ മൊബിലിറ്റി മാനേജിംഗ് ഡയറക്ടർ നയീം ഷാഹുൽ, നിപ്പോൺ ഗ്രൂപ്പ് ചെയർമാൻ എം.എ.എം. ബാബു മൂപ്പൻ, റിവർ ചീഫ് പ്രോഡക്റ്റ് ഓഫീസറും സഹസ്ഥാപകനുമായ വിപിൻ ജോർജ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.*

ഇഞ്ചിയോൺ മൊബിലിറ്റിക്ക് നിലവിൽ ആലുവ, കോട്ടയം എന്നിവിടങ്ങളിൽ റിവർ സ്റ്റോറുകളുണ്ട്. ആലപ്പുഴയിലും മൂവാറ്റുപുഴയിലും ഉടൻ തന്നെ പുതിയ ഷോറൂമുകൾ പ്രവർത്തനമാരംഭിക്കും. കേരളത്തിലെ ഇലക്ട്രിക് വാഹന വിപണിയിൽ സാന്നിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമായാണ് പുതിയ ഷോറൂമുകൾ പ്രവർത്തനം ആരംഭിക്കുന്നത്. ഒറ്റത്തവണ ചാർജ് ചെയ്താൽ ഇൻഡി സ്കൂട്ടറുകൾക്ക് 163 കിലോമീറ്റർ ദൂരം സഞ്ചരിക്കാനാവും. 4 കിലോവാട്ട് ശേഷിയുള്ള ബാറ്ററി ഉപയോഗിക്കുന്ന സ്കൂട്ടറിന് മണിക്കൂറിൽ 90 കി.മീ വേഗതയുണ്ട്. വെറും 3.7 സെക്കൻഡിനുള്ളിൽ പൂജ്യത്തിൽ നിന്ന് 40 കി.മീ വേഗത കൈവരിക്കാൻ സാധിക്കും. സുരക്ഷയ്ക്കായി ഡിസ്ക് ബ്രേക്കുകൾക്കൊപ്പം കംബൈൻഡ് ബ്രേക്കിംഗ് സിസ്റ്റവും (CBS) ഇതിലുണ്ട്. മൾട്ടി യൂട്ടിലിറ്റിയും സ്റ്റൈലും ഒരുമിച്ച് ചേരുന്ന സവിശേഷമായ ഡിസൈനോടുകൂടിയെത്തുന്ന ഇൻഡി ഓരോരുത്തർക്കും ഏറ്റവും അനുയോജ്യമായ ട്രാവൽ പാർട്ണറായിരിക്കും.

1,45,799 രൂപയാണ് ഇൻഡിയുടെ എക്സ്ഷോറൂം വില. സ്റ്റോർ സന്ദർശിച്ച് ഇൻഡി ടെസ്റ്റ് ഡ്രൈവ് ചെയ്യുവാനും ബുക്ക് ചെയ്യുവാനും ഉപഭോക്താക്കൾക്ക് സാധിക്കും. ഒപ്പം മറ്റ് ആക്സസറികളും മെർക്കന്റൈസുകളും പരിചയപ്പെടുകയും വാങ്ങിക്കുകയും ചെയ്യാം. കൂടുതൽ വിവരങ്ങൾക്കായി +91 90725 68020 എന്ന നമ്പറിൽ ബന്ധപ്പെടുക.

# സത്യ ഏജൻസീസ് ലിമിറ്റഡ് ഐപിഒയ്ക്ക്




**കൊച്ചി:** തമിഴ്നാട്ടിലെയും ദക്ഷിണേന്ത്യയിലെയും ഏറ്റവും വലിയ കൺസ്യൂമർ ഡ്യൂറബിൾസ്, ഇലക്ട്രോണിക്സ് കേന്ദ്രീകൃത റീട്ടെയിൽ കമ്പനിയായ സത്യ ഏജൻസീസ് ലിമിറ്റഡ് പ്രാഥമിക പൊതു ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാരംഭ രേഖകൾ (ഡിആർഎച്ച്പി) സമർപ്പിച്ചു. എൽജി, ബ്ലൂ സ്റ്റാർ, ഡെയ്കിൻ, വേൾപൂൾ, ഹയർ, സോണി, ഹാവെൽസ്, പാനസോണിക് തുടങ്ങിയ പ്രമുഖ ഇലക്ട്രോണിക്സ്, ഉപകരണ ബ്രാൻഡുകളുമായി വാണിജ്യ ബന്ധമുള്ള കമ്പനി ഐപിഒയിലൂടെ 600 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. 300 കോടിയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 300 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആനന്ദ് രതി അഡ്വൈസേഴ്സ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# വൻകുടലിലെ ക്യാൻസർ; പൊതുജന അവബോധം കുറവെന്ന് സർവേ റിപ്പോർട്ട്

**കൊച്ചി:** വൻകുടലിലെ ക്യാൻസർ ബാധയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ വളരെ കുറഞ്ഞ അവബോധം മാത്രമാണുള്ളതെന്ന് സർവേ റിപ്പോർട്ട്. ലോക വൻകുടൽ ക്യാൻസർ മാസത്തോടനുബന്ധിച്ച് മെർക്ക് സ്പെഷ്യാലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് രാജ്യവ്യാപകമായി സംഘടിപ്പിച്ച സർവേയിലാണ് ഇക്കാര്യം വ്യക്തമായത്. 14 ഇന്ത്യൻ നഗരങ്ങളിലായി നടത്തിയ ജീവിതശൈലി, ദഹനാരോഗ്യ അവബോധ സർവേ പ്രകാരം വൻകുടലിലെ ക്യാൻസർ ലക്ഷണങ്ങൾ ഗുരുതരമാണെന്ന സംശയം കോഴിക്കോട് നിവാസികളിൽ 19.9 ശതമാനം പേർക്ക് മാത്രമാണുള്ളതെന്ന് വ്യക്തമായി. കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റലിൽ നടന്ന പത്രസമ്മേളനത്തിൽ പുറത്തിറക്കിയ സർവെ പ്രകാരം കോഴിക്കോട് നഗരവാസികളിൽ 61.5 ശതമാനം പേരും ഇറെഗുലർ ബവൽ മൂവ്മെന്റ് അനുഭവിക്കുന്നതായും ദഹന സംബന്ധമായ പ്രശ്നങ്ങൾക്ക് 45.6 ശതമാനം പേർ വീട്ടുവൈദ്യങ്ങളെ ആശ്രയിക്കുമ്പോൾ മലത്തിൽ രക്തം കണ്ടാൽ പോലും 24.6 ശതമാനം പേരും സ്വയം ചികിത്സ നടത്തുകയാണെന്ന് വ്യക്തമായി. ആസ്റ്റർ മിംസ് ഹോസ്പിറ്റലിലെ മെഡിക്കൽ ഓങ്കോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. കെ. വി. ഗംഗാധരൻ, സീനിയർ കൺസൾട്ടന്റ് ആൻഡ് ഹെഡ് ഡോ. ശ്രീലേഷ് കെ.പി, സീനിയർ കൺസൾട്ടന്റ് ഡോ. അരുൺ ചന്ദ്രശേഖരൻ എന്നിവരാണ് വാർത്താസമ്മേനളത്തിൽ ഇക്കാര്യങ്ങൾ വിശദമാക്കിയത്.




കൊൽക്കത്ത, അഹമ്മദാബാദ്, ബാംഗ്ലൂർ, കോഴിക്കോട്, ചണ്ഡീഗഢ്, ചെന്നൈ, ഡൽഹി, ഹൈദരാബാദ്, ഇൻഡോർ, ജയ്പൂർ, കൊച്ചി, ലഖ്നൗ, മുംബൈ, പൂനെ എന്നിവയുൾപ്പെടെ 14 പ്രധാന ഇന്ത്യൻ നഗരങ്ങളിലായി 25-നും 65-നും ഇടയിൽ പ്രായമുള്ള 10,198 വ്യക്തികളിൽ നിന്നാണ് രാജ്യവ്യാപകമായി നടത്തിയ സർവേയിൽ പ്രതികരണങ്ങൾ ശേഖരിച്ചത്. തുടർച്ചയായ മലവിസർജ്ജന ശീലത്തിലെ മാറ്റങ്ങൾ, മലത്തിൽ രക്തം, വയറിലെ അസ്വസ്ഥത, ക്ഷീണം, അല്ലെങ്കിൽ വിശദീകരിക്കാത്ത ശരീരഭാരം കുറയൽ തുടങ്ങിയ ലക്ഷണങ്ങൾ അവഗണിക്കരുതെന്ന് ഡോ. കെ. വി. ഗംഗാധരൻ പറഞ്ഞു. തുടക്കത്തിലേ കണ്ടെത്തിയാൽ പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാവുന്ന രോഗമാണ് കുടലിലെ ക്യാൻസറെന്നും അദ്ദേഹം വ്യക്തമാക്കി.

# പുത്തൻ 2026 ടിവിഎസ് അപ്പാച്ചെ ആർടിആർ 160 4വി അവതരിപ്പിച്ചു



**കൊച്ചി:** 160 സിസി വിഭാഗത്തിലെ ഏറ്റവും കരുത്തുറ്റ മോട്ടോർസൈക്കിളായ ടിവിഎസ് അപ്പാച്ചെ ആർടിആർ 160 4വി ഈ സെഗ്മെന്റിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിച്ചുകൊണ്ട് വീണ്ടും മാറ്റങ്ങൾ കൊണ്ടുവരുന്നു. ഇരുചക്ര-മുച്ചക്ര വാഹന മേഖലയിലെ ആഗോള മുൻനിരക്കാരായ ടിവിഎസ് മോട്ടോർ കമ്പനി (ടിവിഎസ്എം) നിലവിലുള്ള ടോപ്പ് വേരിയന്റിനൊപ്പം രണ്ട് പുതിയ വേരിയന്റുകൾ കൂടി അവതരിപ്പിച്ചു. പ്രീമിയം പെർഫോമൻസ് മോട്ടോർസൈക്കിൾ വിഭാഗത്തിൽ ടിവിഎസ് അപ്പാച്ചെ ആർടിആർ 160 4വിയുടെ സ്ഥാനം കൂടുതൽ ശക്തമാക്കുന്ന നീക്കമാണ്. ഈ അപ്ഡേറ്റോടെ പ്രൊജക്ടർ ഹെഡ്ലാമ്പ്, ഓൾ-എൽഇഡി ലൈറ്റിങ്, അസിസ്റ്റ് ആൻഡ് സ്ലിപ്പർ ക്ലച്ച് എന്നീ ഫീച്ചറുകൾ ഇനി മുതൽ ടിവിഎസ് അപ്പാച്ചെ ആർടിആർ 160 4വി നിരയുടെ എല്ലാ പതിപ്പുകളിലും ലഭ്യമാകുമെന്ന് ടിവിഎസ് മോട്ടോർ കമ്പനി പ്രീമിയം ബിസിനസ് ഹെഡ് വിമൽ സംബ്ലി പറഞ്ഞു.

മികച്ച പെർഫോമൻസിനും നൂതന സാങ്കേതികവിദ്യയ്ക്കും പേരുകേട്ട ടിവിഎസ് അപ്പാച്ചെ ആർടിആർ 160 4വിയുടെ ഏറ്റവും പുതിയ പതിപ്പുകൾ വിപണിയിലെത്തി. ബൈക്കിന്റെ തനതായ റേസിംഗ് പാരമ്പര്യം നിലനിർത്തിക്കൊണ്ടുതന്നെ, സുരക്ഷയ്ക്കും രാത്രികാല യാത്രകളില വ്യക്തതയ്ക്കും മുൻഗണന നൽകുന്ന മാറ്റങ്ങളാണ് പുതിയ മോഡലുകളിൽ കമ്പനി അവതരിപ്പിച്ചിരിക്കുന്നത്. സെഗ്മെന്റിൽ തന്നെ ആദ്യമായി ക്ലാസ്-ഡി പ്രൊജക്ടർ ഹെഡ്ലാമ്പ്, എൽഇഡി ഡിആർഎല്ലുകൾ എന്നിവ പുതിയ വകഭേദങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽഇഡി ടേൺ സിഗ്നലുകൾ ഉൾപ്പെടെയുള്ള സമ്പൂർണ്ണ എൽഇഡി ലൈറ്റിംഗ് സംവിധാനവും ഇതിലുണ്ട്. അസിസ്റ്റ് ആൻഡ് സ്ലിപ്പർ ക്ലച്ച് ഗിയറുകൾ വേഗത്തിൽ കുറയ്ക്കുമ്പോഴുണ്ടാകുന്ന ആഘാതം ഒഴിവാക്കാനും യാത്ര കൂടുതൽ സുഗമമാക്കാനും സഹായിക്കുന്ന അസിസ്റ്റ് ആൻഡ് സ്ലിപ്പർ ക്ലച്ച് ഫീച്ചർ ഇനി പുതിയ വേരിയന്റുകളിലും ലഭ്യമാകും. രാത്രികാല യാത്രകളിലെ മികച്ച കാഴ്ചാപരിധിയും റോഡിലെ കൃത്യമായ നിയന്ത്രണവുമാണ് പുതിയ അപ്പാച്ചെയുടെ പ്രധാന ആകർഷണം. ടിഎഫ്ടി ഡിസ്പ്ലേ, ട്രാക്ഷൻ കൺട്രോൾ എന്നീ അത്യാധുനിക സംവിധാനങ്ങൾ പുതിയ മോഡലുകളിലും ബ്രാൻഡ് ഉറപ്പാക്കുന്നുണ്ടെന്നും വിമൽ സംബ്ലി പറഞ്ഞു. പുത്തൻ ടിവിഎസ് അപ്പാച്ചെ ആർടിആർ 160 4വി ശ്രേണി ഇപ്പോൾ ഇന്ത്യയിലുടനീളമുള്ള ഡീലർഷിപ്പുകളിൽ ലഭ്യമാണ്. 1,25,440 രൂപയാണ് ഡൽഹി എക്സ്ഷോറൂം പ്രാരംഭവില.

# എച്ച്എൽഎൽ റീട്ടെയിൽ ഫാർമസി ശൃംഖലകൾക്ക് ഐ.എസ്.ഒ 9001: 2015 അംഗീകാരം

**കൊച്ചി :** കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനി രത്ന പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് (HLL), പൊതുജനാരോഗ്യ സേവന രംഗത്ത് ഗുണനിലവാരത്തിന്റെ പുതിയൊരു നാഴികക്കല്ല് കൂടി പിന്നിട്ടിരിക്കുകയാണ്. എച്ച്എൽഎല്ലിന്റെ രാജ്യത്തുടനീളമുള്ള അമൃത് (AMRIT) ഫാർമസികൾ, അമൃത് ഓപ്റ്റിക്കൽസ്, എച്ച്എൽഎൽ ഫാർമസി ആൻഡ് സർജിക്കൽസ്, എച്ച്എൽഎൽ ഓപ്റ്റിക്കൽസ് എന്നിവയുൾപ്പെടെയുള്ള 239 റീട്ടെയിൽ ഫാർമസി ഔട്ട്ലെറ്റുകൾക്കാണ് ഐ.എസ്.ഒ 9001:2015 സർട്ടിഫിക്കേഷൻ ലഭിച്ചത്. റീട്ടെയിൽ രംഗത്ത് സുതാര്യത ഉറപ്പാക്കാനും രോഗികളുടെ വിശ്വാസം വർദ്ധിപ്പിക്കാനും ഈ ആഗോള അംഗീകാരം സഹായകമാകും.

എച്ച്എൽഎൽ അതിന്റെ അറുപതാം വാർഷികം (ഡയമ് ജൂബിലി) ആഘോഷിക്കുന്ന വേളയിലാണ് ഈ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിരിക്കുന്നത്. മിതമായ നിരക്കിൽ മരുന്നുകളും ഇംപ്ലാന്റുകളും ലഭ്യമാക്കുന്നതിനായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയാണ് അമൃത് ഫാർമസി. കഴിഞ്ഞ നവംബർ 15-ന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നദ്ദ അമൃത് പദ്ധതിയുടെ പത്താം വാർഷിക ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി തപാൽ സ്റ്റാമ്പ് പുറത്തിറക്കുകയും 10 പുതിയ അമൃത് ഔട്ട്ലെറ്റുകളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. കൂടാതെ, അമൃത് ഐടി അധിഷ്ഠിത സേവനങ്ങൾ 24x7 അമൃത് നാഷണൽ കോൾ സെന്റർ എന്നിവയും ചടങ്ങിൽ ഉദ്ഘാടനം ചെയ്തിരുന്നു. 2015-ൽ എയിംസ് ഡൽഹിയിൽ ആരംഭിച്ചത് മുതൽ ഇതുവരെ 72.96 ദശലക്ഷം രോഗികൾക്ക് അമൃത് വഴി സേവനം ലഭിച്ചു. ഏകദേശം 18,817.42 കോടി രൂപ (MRP നിരക്കിൽ) വിലമതിക്കുന്ന മരുന്നുകൾ വിതരണം ചെയ്തതിലൂടെ സാധാരണക്കാർക്ക് ചികിത്സാച്ചെലവിൽ ഏകദേശം 9,235.78 കോടി രൂപ ലാഭിക്കാൻ സാധിച്ചു.

നിലവിൽ 24 സംസ്ഥാനങ്ങളിലും 5 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന എച്ച്എൽഎൽ ഫാർമസി ശൃംഖല, 6,500-ലധികം മരുന്നുകളും ഇംപ്ലാന്റുകളും 50 ശതമാനം വരെ വിലക്കുറവിൽ ജനങ്ങളിലെത്തിക്കുന്നു. ആറ് പതിറ്റാിലേറെയായി ആരോഗ്യമേഖലയിലുള്ള എച്ച്എൽഎല്ലിന്റെ കരുത്തുറ്റ സാന്നിധ്യം ഈ അംഗീകാരത്തോടെ കൂടുതൽ വർദ്ധിച്ചിരിക്കുകയാണ്.

# പെറ്റ് ഡേ ഓഫർ: സന്താരി റിസോർട്ട്സിൽ വൂഫ്കേഷൻസിന് 20 ശതമാനം ഡിസ്കൗണ്ട്

**കൊച്ചി:** പെറ്റ് ഡേയുടെ ഭാഗമായി വളർത്തുമൃഗങ്ങൾക്കും ഉടമകൾക്കുമായി 'വൂഫ്കേഷൻസ്@സന്താരി' അവതരിപ്പിച്ച് സന്താരി റിസോർട്ട്സ്. മാരാരിക്കുളത്തെ 'സന്താരി പേൾ ബീച്ച് റിസോർട്ട്', തേക്കടിയിലെ 'കാർഡമം കൗി ബൈ സന്താരി' എന്നിവിടങ്ങളിൽ ഏപ്രിൽ 30 വരെ ഈ ഓഫറുകൾ ലഭ്യമാകും. യാത്രക്കാർക്ക് തങ്ങളുടെ വളർത്തുമൃഗങ്ങളെ അധികച്ചെലവില്ലാതെ കൂടെ താമസിപ്പിക്കാം എന്നതാണ് ഈ പാക്കേജിന്റെ പ്രധാന ആകർഷണം.

റിസോർട്ട് വെബ്സൈറ്റിൽ നൽകിയിരിക്കുന്ന നിരക്കിൽ മുറികൾക്കും, കൂടാതെ ഭക്ഷണം, സ്പാ സേവനങ്ങൾക്കും 20 ശതമാനം ഇളവ് ലഭിക്കും. മാരാരിയിലെ മനോഹരമായ കടൽത്തീരവും തേക്കടിയിലെ വനപാതകളും വളർത്തുമൃഗങ്ങൾക്കൊപ്പം ആസ്വദിക്കാൻ സഞ്ചാരികൾക്ക് ഇതിലൂടെ അവസരമൊരുങ്ങുന്നു. വളർത്തുമൃഗങ്ങളുമായി എത്തുന്നവർക്കായി പ്രത്യേകം സജ്ജീകരിച്ച പെറ്റ്-ഫ്രണ്ട്ലി വില്ലകളും വിശാലമായ ഓപ്പൺ സ്പേസുകളും റിസോർട്ടുകളിൽ ഒരുക്കിയിട്ടു്.

താമസം കൂടുതൽ സൗകര്യപ്രദമാക്കുന്നതിനായി വളർത്തുമൃഗങ്ങൾക്കായി പ്രത്യേക ബെഡ്, ബൗളുകൾ, ട്രീറ്റ്സ് എന്നിവയടങ്ങിയ കിറ്റുകളും സന്താരി നൽകുന്നുണ്ട്. ഒന്നിലധികം വളർത്തുമൃഗങ്ങളെ കൊണ്ടുവരാൻ അനുവാദമുണ്ടെങ്കിലും, മുറിയിൽ ഒരു വളർത്തുമൃഗത്തിനായിരിക്കും സൗജന്യ താമസം. ബുക്കിംഗ് സമയത്ത് തന്നെ വളർത്തുമൃഗത്തെക്കുറിച്ചുള്ള വിവരങ്ങൾ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

# പി ആൻഡ് ജി ബോധവൽക്കരണം ശക്തമാക്കുന്നു

**കൊച്ചി:** പി ആൻഡ് ജി ഇന്ത്യയുടെ പ്രധാന കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പദ്ധതിയായ പി ആൻഡ് ജി ശിക്ഷ രാജ്യത്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ശക്തമാക്കുന്നു.

കുട്ടികൾക്ക് അവരുടെ സ്വന്തം വേഗത്തിൽ പഠിക്കാൻ സഹായിക്കുന്ന പഠനരീതികൾ പ്രോത്സാഹിപ്പിക്കുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പഠനത്തിലെ വിടവുകൾ കുറയ്ക്കുകയും വ്യക്തിഗത വളർച്ചയ്ക്ക് പിന്തുണ നൽകുകയും ചെയ്യുന്നതിലൂടെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് ഇത് സഹായകമാണ്.

കഴിഞ്ഞ ഇരുപത് വർഷത്തിലേറെയായി പി&ജി ശിക്ഷ ഇന്ത്യയിൽ ഒരു കോടിയിലധികം കുട്ടികളുടെ വിദ്യാഭ്യാസ യാത്രയെ സ്വാധീനിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം ഉയർത്തി അടുത്ത തലമുറയ്ക്ക് മികച്ച അവസരങ്ങൾ ഒരുക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

# കാൻസർ രോഗികൾക്കുള്ള മെഡിക്കൽ സഹായം വിതരണം ചെയ്ത് ജോയ് ആലുക്കാസ് ഫൗണ്ടേഷൻ

**കൊച്ചി:** നിർധന കുടുംബങ്ങളിലെ കാൻസർ രോഗികൾക്ക് അവശ്യ മരുന്നുകൾ ലഭ്യമാക്കുന്ന മെഡിക്കൽ സഹായ പദ്ധതി കൊച്ചിയിൽ വിതരണം ചെയ്ത് ജോയ് ആലുക്കാസ് ഫൗണ്ടേഷൻ. ജില്ലയിലെ 150 രോഗികൾക്കുള്ള മെഡിക്കൽ സഹായ വിതരണം ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു.

കൊച്ചി മേയർ മിനിമോൾ വി.കെ, എറണാകുളം ഗവൺമെന്റ് ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. സതീഷ് കെ.എൻ, ജോയ് ആലുക്കാസ് ഫൗണ്ടേഷൻ സീനിയർ ഓഫീസർമാരായ ജോർജ് ടി.എ, റിബിൻ പോൾ, ജോയ്ആലുക്കാസ് റീജണൽ മാനേജർ ജെയ്സൺ ടി. എസ്, എറണാകുളം ജോയ്ആലുക്കാസ് ബ്രാഞ്ച് മാനേജർ കിരൺ മാത്യു, തുടങ്ങിയവർ സംബന്ധിച്ചു. സംസ്ഥാനത്തുടനീളമുള്ള 1500 കാൻസർ രോഗികൾക്കാണ് പദ്ധതിയിലൂടെ മെഡിക്കൽ സഹായമെത്തിക്കുന്നത്. ജോയ് ആലുക്കാസ് ഫൗണ്ടേഷന്റെ സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങളുടെ ഭാഗമായി, ഏകദേശം 3 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്.



പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തെ മുഖ്യധാരയിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ 2009ൽ ആരംഭിച്ച ജോയ് ആലുക്കാസ് ഫൗണ്ടേഷൻ മുഖേന രാജ്യത്തുടനീളം നിരവധി സന്നദ്ധ സേവന പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്.

ഡയാലിസിസ് രോഗികൾക്കുള്ള സാമ്പത്തിക പിന്തുണ, ഹൃദ്രോഗികൾക്ക് സൗജന്യ പേസ്മേക്കറുകൾ, മറ്റു മെഡിക്കൽ സഹായങ്ങൾ തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പുറമെ ജോയ്ആലുക്കാസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലായി 550-തിലധികം ജോയ് ഹോമുകളും നിരവധി വിദ്യാർഥികൾക്ക് 'ജോയ് ഓഫ് ഹോപ്പ്' സ്കോളർഷിപ്പുകളും നൽകിയിട്ടുണ്ട്. വനിതകൾക്കായി സംരംഭകത്വ ശാക്തീകരണ ക്ലാസുകൾ, പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ടുള്ള 'ജോയ്ഫോർ എർത്ത്' എന്നിവയ്ക്ക് പുറമെ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി, ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ സഹായമെത്തിക്കാനും ജോയ്ആലുക്കാസ് ഫൗണ്ടേഷന് കഴിഞ്ഞിട്ടുണ്ട്.

# ഏഴാം ലക്കത്തിന്റെ വിളംബരത്തോടെ കൊച്ചി-മുസിരിസ് ബിനാലെ ആറാം പതിപ്പിന് കൊടിയിറങ്ങി

**കൊച്ചി:** ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ സമകാലീന കലാപ്രദർശനങ്ങളിൽ ഒന്നായ കൊച്ചി-മുസിരിസ് ബിനാലെയുടെ ആറാം പതിപ്പിന്റെ ഔപചാരികമായ കൊടിയിറക്കം ആസ്പിൻവാൾ ഹൗസ് വളപ്പിൽ നടന്നു. കലാകാരന്മാരും സംഘാടകരും പൊതുജനങ്ങളും ഒത്തുചേർന്ന വേദിയിൽ വികാരനിർഭരവുമായ അന്തരീക്ഷത്തിലാണ് ഉച്ചയ്ക്ക് 12 മണിക്ക് കൊടിയിറക്കം നടന്നത്.

110 ദിവസങ്ങൾ നീണ്ടുനിന്ന കലാ മാമാങ്കത്തിനാണ് തിരശ്ശീല വീണത്. ക്യൂറേറ്റർ നിഖിൽ ചോപ്ര പതാക താഴ്ത്തി. കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ. വേണു വി, സി.ഇ.ഒ തോമസ് വർഗീസ്, പ്രമുഖ എഴുത്തുകാരൻ എൻ. എസ്. മാധവൻ, ബിനാലെ ട്രസ്റ്റ് അംഗങ്ങളായ പി കെ ഹോർമിസ് തരകൻ, വി സുനിൽ, മുൻ കൊച്ചി മേയർ കെ. ജെ. സോഹൻ, ബിനാലെ ഫൗണ്ടേഷൻ പ്രോഗ്രാം ഡയറക്ടർ മരിയോ ഡിസൂസ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കഴിഞ്ഞ മൂന്നുമാസമായി കൊച്ചി ബിനാലെ വേദികൾ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കിയ ആർട്ട് കോർഡിനേറ്റർമാരും വോളന്റിയർമാരും വൈകാരികമായാണ് സമാപന ചടങ്ങിൽ പങ്കെടുത്തത്.

കൊടിയിറക്കം എന്നത് ഒരു അവസാനമല്ല, മറിച്ച് അടുത്ത ബിനാലിലേക്കുള്ള പുതിയൊരു തുടക്കമാണെന്ന് ഡോ. വേണു വി ചൂണ്ടിക്കാട്ടി. കൊടിയിറക്കം എന്ന ചടങ്ങ് നമ്മുടെ പാരമ്പര്യത്തിന്റെ ഒരേടാണ്.

പതാക താഴേക്ക് ഇറങ്ങുമ്പോൾ നമ്മുടെ ചിന്തകൾ അടുത്ത ബിനാലെയെക്കുറിച്ചാണെന്നും അതിനായുള്ള സമയപരിധി ഇപ്പോൾ മുതൽ ആരംഭിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. വരും വർഷങ്ങളിൽ വൈവിധ്യങ്ങളുടെയും ചിന്തകളുടെയും വിപുലമായ കാഴ്ചപ്പാടുകളോടെ ബിനാലെയുടെ അടുത്ത പതിപ്പ് 2027 ഡിസംബർ 12-ന് ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചി മുസിരിസ് ബിനാലെ വ്യക്തിപരമായി തന്നെ എങ്ങനെ മാറ്റിമറിച്ചു എന്ന് നിഖിൽ ചോപ്ര പറഞ്ഞു. ഒരുപാട് നല്ല ഓർമ്മകളും സൗഹൃദങ്ങളും ബാക്കിയാക്കിയാണ് താൻ മടങ്ങുന്നത്. മൂന്ന് മാസം മുമ്പുണ്ടായിരുന്ന വ്യക്തിയല്ല താനിപ്പോഴെന്നും കൊച്ചി തനിക്കായി തുറന്നുതന്നത് സങ്കൽപ്പിക്കാൻ പോലും കഴിയാത്ത വലിയ വാതിലുകളാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കലാസൃഷ്ടികൾ മാത്രമല്ല, അടുത്ത ബിനാലെ വരെ മനസ്സിൽ നിലനിൽക്കുന്ന ഒട്ടനവധി അനുഭവങ്ങളുടെ മായാത്ത മുദ്രകൾ അവശേഷിപ്പിച്ചാണ് ആറാം പതിപ്പ്.




*കൊച്ചി-മുസിരിസ് ബിനാലെയുടെ സമാപനത്തിന്റെ ഭാഗമായി ആസ്പിൻവാൾ ഹൗസിൽ നടന്ന പതാക താഴ്ത്തൽ ചടങ്ങ്.*

# പുത്തൻ ഫീച്ചറുകളുമായി സ്കോഡ കുഷാക്




**കൊച്ചി:** ആദ്യ 8-സ്പീഡ് ടോർക്ക് കൺവെർട്ടർ ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ, റിയർ സീറ്റ് മസാജർ തുടങ്ങി നിരവധി അത്യാധുനിക സവിശേഷതകളുമായി പുതിയ സ്കോഡ കുഷാക് വിപണിയിലെത്തി. ലോകോത്തര നിലവാരമുള്ള യൂറോപ്യൻ എൻജിനീയറിങ്ങും 5-സ്റ്റാർ സുരക്ഷയും ഇന്ത്യൻ റോഡുകളിൽ ലഭ്യമാക്കുക എന്ന സ്കോഡ ഓട്ടോ ഇന്ത്യയുടെ ലക്ഷ്യത്തിന്

പുതിയ കുഷാക് 1.0 ടിഎസ്ഐ, 1.5 ടിഎസ്ഐ മോഡലുകൾ കരുത്തുപകരുമെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആഷിഷ് ഗുപ്ത പറഞ്ഞു. സിഗ്നേച്ചർ, സ്പോർട്ട്ലൈൻ, പ്രസ്റ്റീജ്, മോകൊർലോ എന്നീ അഞ്ച് ട്രിമ്മുകളിൽ ലഭ്യമായ പുതിയ കുഷാക്, ക്ലാസിക്+, മാനുവൽ, റിയൽ ഓട്ടോമാറ്റിക് ട്രാൻസ്മിഷനുകളുള്ള ടർബോചാർജ്ഡ് പെട്രോൾ എൻജിനുകളുമായാണ് എത്തുന്നത്. ഷീൽ ഗ്രീൻ, സ്റ്റീൽ ഗ്രേ, ചെറി റെഡ് എന്നീ മൂന്ന് പുതിയ നിറങ്ങൾ ഉൾപ്പെടെ കാൻഡി വൈറ്റ്, കാർബൺ സ്റ്റീൽ, ബ്രില്ല്യന്റ് സിൽവർ, ലാവ ബ്ലൂ, ഡീപ്പ് ബ്ലാക്ക് എന്നീ എട്ട് നിറങ്ങളിൽ ലഭ്യമാണ്.

1 ലിറ്റർ, മാനുവൽ ഗിയർ വേരിയന്റുകൾക്ക് ഷോറൂം വില 10.69 ലക്ഷം മുതലൽ 16.79 ലക്ഷം വരെ. 1.5 ലിറ്റർ മോഡൽ ഡ്യൂവൽ ക്ലച്ച് ഓട്ടോമാറ്റിക് ഗിയർ സഹിതം മാത്രമാണെത്തുന്നത്. 2 വേരിയന്റുകളുടെ വില യഥാക്രമം 18.79 ലക്ഷം, 18.99 ലക്ഷം എന്നിങ്ങനെയാണ് വില.

